11. ഗാന്ധിഗ്രാം പദ്ധതി: തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ ചുവടെ ചേർക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഗാന്ധിഗ്രാമം പദ്ധതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

1. കോളനികൾക്കുള്ള റോഡ്/നടപ്പാത
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ/ആഡിറ്റോറിയം
7. കോമ്പൗണ്ട് ഹാൾ

12. സ്വയംപര്യാപ്ത ഗ്രാമം: പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കിലയുടെ സഹകരണത്തോടെ പൂർത്തിയാക്കിയ സ്ഥിതി വിവരപഠന റിപ്പോർട്ടിൽ അമ്പതോ അതിൽകൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങളിൽനിന്നും വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത ഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയാണ് സ്വയം പര്യാപ്തഗ്രാമ പദ്ധതി.

പട്ടികജാതി വികസന വകുപ്പ് വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

281 (989) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പുവഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി പിന്നോക്ക ക്ഷേമത്തിനായി വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-2012, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ വകപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കി പൂർത്തീകരിച്ച പദ്ധതികളുടെയും ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പൂർത്തീകരിച്ച പദ്ധതിയുടെ പേര്	എണ്ണം
1	വിവാഹ ധനസഹായം	251
2	മിശ്ര വിവാഹ ധനസഹായം	93
3	ഭൂരഹിത പുനരധിവാസം	159
4	ഭവന നിർമ്മാണ ധനസഹായം	67
5	ഭവന പുനരുദ്ധാരണം	45
6	ടോയ്ലെറ്റ് നിർമ്മാണം	714
7	ചികിത്സാ ധനസഹായം	217
പൂർത്തീകരിക്കാനുള്ള തുടർ പദ്ധതികൾ		
1	ഭവന നിർമ്മാണ ധനസഹായം	44
2	ഭവന പുനരുദ്ധാരണം	9
3	ടോയ്ലെറ്റ് നിർമ്മാണം	43
4	സ്വയം പര്യാപ്ത ഗ്രാമം തുരുത്തേൽ കോളനി, മൂഴിക്കോട് കോളനി മടത്തേടം കോളനി	3
5	ഗാന്ധിഗ്രാം പദ്ധതി പഴംപെട്ടി കോളനി	1

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.